പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1193.

13.06.2013 ൽ മറുപടിക്ക്

**ബി.പി.എൽ. കാർഡുകാർക്ക് ലഭിക്കേണ്ട അരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ബി.പി.എൽ. കാർഡുകാർക്ക് പ്രതി മാസം 25 കി.ഗ്രാം അരി ലഭ്യ മാകാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവർക്ക് 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ എത്ര കിലോഗ്രാം അരിവീതം ലഭ്യമാക്കി എന്ന വിവരം വെളിപ്പെടുത്തുമോ; | (ബി) | 2013 ഏപ്രിൽ, മെയ് മാസങ്ങളിൽ ബി.പി. എൽ. കാർഡുടമകൾക്ക് 1/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിനായി ഒരു കാർഡു ടമയ്ക്ക് 18.2 കി.ഗ്രാം അരി വീതം നൽകുന്നതിനു മാത്രമേ കേന്ദ്രവിഹിതം ലഭ്യമായിരുന്നുള്ളു. എന്നാൽ ബി.പി.എൽ. വിഭാഗക്കാർക്ക് നോൺ സബ്സിഡി വിഹി തത്തിൽ (6.20 രൂപ നിരക്കിൽ) നിന്ന് വകമാറ്റി കുറവുള്ള വിഹിതം 1/- രൂപ നിരക്കിൽ 25 കിലോഗ്രാമായി വിതരണം ചെയ്യുന്നതിന് നിർദ്ദേശം നല്കിയിരുന്നു. |
| (സി) | സംസ്ഥാനത്തിന് ലഭ്യമാകേണ്ട വിഹിതത്തിൽ എത്ര ടൺ അരി ഏപ്രിൽ മാസം കേന്ദ്രം വെട്ടിക്കു റച്ചു എന്നു വെളിപ്പെടുത്തുമോ? | (സി) | 2012-13 വർഷത്തിൽ ബി.പി.എൽ. വിഭാഗ ത്തിന് സാധാരണ വിഹിതത്തിനു പുറമേ അഡ്ഹോക് വിഹിതമായി 84978 മെ.ടൺ അരി ലഭ്യമായിരുന്നു. എന്നാൽ 2013-14 വർഷത്തിൽ ബി.പി.എൽ. വിഭാഗത്തിന് അഡ്ഹോക് വിഹിതം നാളിതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ.